**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1188** **31.10.2019-ൽ** മറുപടിക്ക്

**പി.യു.കെ.സി. റോഡ് നവീകരണം**

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പി.യു.കെ.സി. റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത റോഡ് എത്ര ഘട്ടമായി എത്ര വീതിയിലാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) പി.യു.കെ.സി. റോഡ് രണ്ട് ഘട്ടമായി 14 മീറ്റർ വീതിയിൽ നവീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. |
| (സി) പാവങ്ങാട് മുതൽ ഉള്ളിയേരി വരെയുള്ള ആദ്യഘട്ട നവീകരണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാവുമെന്നാണ് കരുതുന്നതെന്ന് വിശദമാക്കാമോ;<br>(ഡി) പി.യു.കെ.സി. റോഡിന്റെ ഡി.പി.ആർ. കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) യും (ഡി) യും പുതിയങ്ങാടി മുതൽ ഉള്ള്യേരി വരെയുള്ള ആദ്യഘട്ട നവീകരണ പ്രവൃത്തിക്കായി 92.58 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായ ഉള്ള്യേരി മുതൽ കുറ്റ്യാടി വരെയുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ